# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:** 277

**23.01.2018**-ൽ മറുപടിക്ക്

## കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം

**ചോദ്യം** — **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**

**മറുപടി** — **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | അക്കാദമിക് കെട്ടിടത്തിന്റെ മരാമത്ത് പണികൾ 80 ശതമാനത്തിലധികം പൂർത്തിയായി. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണം പുരോഗമിച്ചു വരികയാണ്. |
| ബി) | പ്രസ്തുത നിർമ്മാണം അനന്തമായി നീളാൻ കാരണമെന്താണ്; | | |
| സി) | മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | സി) & ഡി) | മെഡിക്കൽ കോളേജിനായി 282.68 കോടി രൂപയുടെ ധാരണാപത്രം സ്പെഷ്യൽ ആഫീസറും കിറ്റ്കോയുമായി ഒപ്പിട്ടു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി ഭരണാനുമതി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അക്കാദമിക് ബ്ലോക്ക് - 25 കോടി രൂപ<br>2. അക്കാദമിക് ബ്ലോക്ക് വൈദ്യുതീകരണം - 24,63,600/- രൂപ<br>3. ഇ.എൽ.വി. വർക്ക്സ് - 18,19,700/- രൂപ<br>4. ഫയർ പ്രൊട്ടയിൻ സിസ്റ്റം - 17,42,000/- രൂപ<br>5. ആശുപത്രികെട്ടിടം - 95,08,75,877/- രൂപ |
| ഡി) | ഈ തുകയിൽ നാളിതുവരെ സർക്കാർ അനുവദിച്ചത് എത്രയാണെന്ന് വ്യക്തമാക്കാമോ; | | |
| ഇ) | പ്രസ്തുത നിർമ്മാണത്തിനായി നബാർഡിൽ നിന്ന് വായ്പ അനുവദിച്ചു കിട്ടിയിട്ടുണ്ടോ; എങ്കിൽ വായ്പ തുക എത്രയെന്നും പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ചോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്നും പ്രസ്തുത തടസ്സം നീക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | ഇ) | ഉണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 58.18 കോടി രൂപ നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |
| എഫ്) | നബാർഡിൽ നിന്ന് വായ്പ അനുവദിച്ചു കിട്ടിയത് | | നബാർഡ് ജനറൽ മാനേജരുടെ (കേരള റീജിയണൽ ഓഫീസ്) 14/11/14 തീയതിയിലെ കത്തു പ്രകാരം |

| | | | |
|---|---|---|---|
| | എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | | നബാർഡ് വായ്പ തുക അനുവദിച്ചിട്ടുണ്ട്. |
| ജി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കി എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ജി) | മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സാങ്കേതിക പരിശോധനയും, യന്ത്രസാമഗ്രികളുടെ പരിശോധനയും ഉൾപ്പെടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**